# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5367 - 01/07/2014 -ലെ മറുപടിക്ക്

### പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. എ. ബേബി**<br>**ശ്രീ. ജെയിംസ് മാത്യൂ**<br>**ശ്രീ. എ.പ്രദീപ്കുമാർ**<br>**ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. കെ. എം. മാണി**<br>**(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) 2011-12-ലെ പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിൽ വിഭവസമാഹരണത്തിനുള്ള എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ; | 2011-12-ലെ പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിൽ വിഭവസമാഹരണവുമായി ബന്ധപ്പെട്ട് കമ്മിറ്റി നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ശുപാർശകൾ ചുവടെ ചേർക്കുന്നു.<br><br>1. സെയിൽസ് ടാക്സ് പ്രാക്ടീഷനർമാർ, നികുതി ഉദ്യോഗസ്ഥർ എന്നിവരുടെ സഹായത്തോടെ വ്യാപാരികൾ കണക്കുകൾ കുറച്ചു കാണിക്കുന്ന പ്രവണത നിയന്ത്രിക്കുന്നതിന് കർശന നടപടികൾ കൈകൊള്ളണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br><br>2. നികുതി അടയ്ക്കുന്നത് ഒഴിവാക്കുന്നതിനായി ചരക്ക് ഇല്ലാത്ത വണ്ടികളാണ് ചെക്പോസ്റ്റു വഴി കടന്നു പോകുന്നതെന്ന് വ്യാപാരികൾ പ്രസ്താവന നടത്തുന്നു. നിരീക്ഷണ ക്യാമറ, ശക്തിയേറിയ സ്കാനർ, ചെക്പോസ്റ്റുകളുടെ കമ്പ്യൂട്ടറൈസേഷൻ എന്നിവയിലൂടെ ഇത്തരം പ്രവണതകൾ തടയാനും ഇതിലൂടെ വരുമാന വളർച്ച മെച്ചപ്പെടുത്തുവാനും കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br><br>3. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുവാൻ അടിയന്തിരമായി നടപടി കൈകൊള്ളുവാനും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.<br><br>4. കമ്മികൾ നിയന്ത്രിച്ച് കടത്തിന്റെ വളർച്ച കുറയ്ക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.<br><br>5. റബ്ബറിന്റെ ഉൽപാദനവും ഇതിൻമേലുള്ള വാറ്റ് ലഭ്യതയും തമ്മിൽ കടുത്ത അന്തരം നിലനിൽക്കുന്നതിനാൽ, റബ്ബർ ബോർഡുമായി സഹകരിച്ച് നികുതി വെട്ടിപ്പ് തടയാ |

| | |
|---|---|
| | നുള്ള നടപടികൾ സ്വീകരിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.<br><br>6. സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള എല്ലാ വായ്പകളും യഥാസമയം തിരിച്ചു പിടിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ധനകാര്യവകുപ്പിൽ കേന്ദ്രീകൃത സംവിധാനം വേണ്ടതാണ്.<br><br>7. സാമൂഹ്യ മേഖലയിലെ വിവിധ സേവനങ്ങളിൽ നിന്നുള്ള യൂസർ ഫീ മെച്ചപ്പെട്ട രീതിയിൽ സമാഹരിക്കുന്നതിനും തദ്വാര സാമൂഹ്യമേഖലയിലെ സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തണമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br><br>8. വരുമാന വളർച്ചാ തോത് മെച്ചപ്പെടുത്തുന്നതിനു വേണ്ടി സാമ്പത്തിക മേഖലയിലെ വിവിധ സേവനങ്ങളുടെ നിരക്ക് ഉചിതമായി പുനർ നിർണയിക്കാവാനും കമ്മിറ്റി ശുപാർശ ചെയ്യുന്നു. |
| (ബി) പ്രസ്തുത നിർദ്ദേശങ്ങളിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | വിഭവ സമാഹരണത്തിന്റെ ഭാഗമായി നികുതി – നികുതിയേതര നിരക്കുകൾ വർദ്ധിപ്പിക്കുന്നതിന് വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതുപ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ റവന്യൂ, പൊതു വിദ്യാഭ്യാസം, മത്സ്യബന്ധനം -തുറമുഖം, ഊർജ്ജം, ധനകാര്യം, ആഭ്യന്തരം, ജലവിഭവം, പൊതുമരാമത്ത്, തൊഴിൽ, സഹകരണം, സാംസ്കാരികം, ഉന്നത വിദ്യാഭ്യാസം, ഭക്ഷ്യ -സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളിലെ വിവിധ നികുതിയേതര നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.<br>ഇതിനു പുറമെ സംസ്ഥാനത്ത് അധികവരുമാനം കണ്ടെത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി 28/04/2014 ലെ സർക്കാർ ഉത്തരവ് (പി) നം.151/14/ധന പ്രകാരം ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനും ചീഫ് സെക്രട്ടറി കൺവീനറുമായ ഒരു സമിതിയെ നിയമിച്ചിട്ടുണ്ട്. ടി സമിതിയുടെ ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് ഇതിൻമേൽ തീരുമാനം എടുക്കുന്നതാണ്. |

| | |
|---|---|
| (സി) റിപ്പോർട്ടിൽ ചെലവ് ചുരുക്കലിനായി എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്നും ഇതിന്മേൽ നിലപാട് എന്താണെന്നും വ്യക്ത മാക്കുമോ ; | ചെലവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി നൽകിയിട്ടുള്ള പ്രധാനപ്പെട്ട ശുപാർശകൾ ചുവടെ ചേർക്കുന്നു.<br><br>1. സർക്കാർ ജീവനക്കാരുടെയും, സ്വകാര്യ എയ്ഡഡ് സ്ഥാപന ങ്ങളിലെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പെൻഷൻ പ്രായം നിലവിലുള്ള 56 വർഷത്തിൽ നിന്ന് 58 ആക്കി ഉയർത്തണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br><br>2. സ്വകാര്യ എയ്ഡഡ് സ്കൂളുകളി ലെയും സർക്കാർ സ്കൂളുകളിലെയും റിട്ടയർമെന്റ് ഒഴിവുകളിലേയ്ക്ക് ലാഭകരമല്ലാത്ത സ്കൂളുകളിലെ അധിക ജീവനക്കാരെ പുനർ വിന്യസിക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.<br><br>3. ഗതാഗതം, ജലസേചനം, വെള്ളപ്പൊക്ക നിയന്ത്രണം, ജലവിഭവ സംരക്ഷണം, ഭവനം, വാർത്താവിനിമയം, പട്ടികജാതി/ പട്ടികവർഗ്ഗ, മറ്റ് പിന്നോക്ക വർഗ്ഗ ക്ഷേമം, വിദ്യാഭ്യാസം, കല സംസ്കാരികം, സഹകരണം എന്നീ മേഖലകളിൽ കൂടുതൽ മൂലധന നിക്ഷേപം നടത്തുന്നതിന് മുൻഗണന നൽകണം.<br><br>4. വിവിധ വകുപ്പുകളിൽ ഇ-ഗവേണൻസ് നടപ്പിലാക്കിയതിന്റെ പശ്ചാത്തലത്തിൽ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്താ നും അധികമുള്ള ജീവനക്കാരെ പുനർവിന്യസിക്കാനും നടപടി കൈ കൊള്ളുവാൻ കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br><br>5. പ്ലാൻ ഫണ്ട് മെച്ചപ്പെട്ട രീതിയിൽ വിനിയോഗിക്കുന്നതിന് ധനകാര്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ളത് പോലെ 10:30:30:30 എന്ന അനുപാതത്തിൽ പാദാന്ത്യത്തിൽ ഫണ്ട് ധനകാര്യ വകുപ്പ് തന്നെ നൽകേണ്ടതാണെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു. |

| | |
|---|---|
| | കമ്മിറ്റിയുടെ ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് എല്ലാ വകുപ്പുകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) സർവ്വകലാശാലകളിലേയും കോളേജുകളിലേയും ഫീസ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കുന്നത് സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് ദോഷകരമായി ബാധിക്കുമെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ ? | നിലവിൽ, ഫണ്ടിന്റെ അപര്യാപ്തത മൂലം സർവ്വകലാശാലകൾക്ക് പുസ്തകങ്ങൾ, പഠനോപകരണങ്ങൾ, പഠനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് പണം കണ്ടെത്താൻ കഴിയുന്നില്ല. കൂടാതെ സർവ്വകലാശാലകളിലെ അധ്യാപനം, ഗവേഷണം, മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾ എന്നിവയുടെ നിലവാര തകർച്ചയ്ക്കും ഫണ്ടിന്റെ അപര്യാപ്തത കാരണമാകുന്നു. ഈ സാഹചര്യത്തിലാണ് സർവ്വകലാശാലകളിലെയും കോളേജുകളിലെയും ഫീസ് വർദ്ധിപ്പിക്കാനുള്ള ശുപാർശ പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി നടത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**